# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6420 03/04/2018-ന് മറുപടിക്ക്

## അട്ടപ്പാടി ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | മാത്യൂ ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ)അട്ടപ്പാടിയിലെ ഭവാനി പുഴയിൽ നിന്നും ആറ് ടി.എം.സി വെള്ളമുപയോഗിച്ച് തുടങ്ങാൻ ലക്ഷ്യമിട്ട അട്ടപ്പാടി ജലസേചന പദ്ധതി ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ ; | അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠന പരിഗണനാ വിഷയങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിരുന്നു. 2016 ആഗസ്റ്റ് 11, 12 തീയതികളിൽ കൂടിയ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാ വിഷയങ്ങൾ (Terms of Reference) അംഗീകരിക്കാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ പ്രോജക്ട് കാവേരി നദീതടത്തിൽ ആയതിനാലും കാവേരി നദീജലതർക്ക പരിഹാര ട്രൈബ്യൂണലിന്റെ വിധിക്കെതിരെ കേരളം, തമിഴ്നാട്, കർണ്ണാടകം സർക്കാരുകൾ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത സാഹചര്യത്തിലും തമിഴ്നാട് സർക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിനാലും പഠനത്തിന്റെ പരിഗണനാവിഷയങ്ങൾ അംഗീകരിച്ച് ഉത്തരവാകേണ്ട എന്ന് തീരുമാനിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പിന്നീട് അറിയിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേരളം ജലവിഭവ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും വ്യക്തമാക്കി പദ്ധതിക്കനുകൂലമായ സമീപനം |

| | | |
|---|---|---|
| | | സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടിനും കത്ത് നൽകിയിട്ടുണ്ട് . ഇതിനു പുറമെ ബഹു. കേരള മുഖ്യമന്ത്രി ബഹു. പ്രധാന മന്ത്രിയ്ക്കും ഇതേ ആവശ്യം ഉന്നയിച്ച് കത്തയച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിനായി പദ്ധതിക്കനുകൂലമായ കേരളത്തിന്റെ എല്ലാ വാദമുഖങ്ങളും കാവേരി ട്രൈബ്യൂണൽ അവാർഡ് നടപ്പാക്കാനായി രൂപീകരിച്ച സൂപ്പർവൈസറി കമ്മിറ്റി വഴിയും മറ്റ് നിയമപരമായ മാർഗ്ഗങ്ങളിലൂടെയും സ്വീകരിച്ചു വരികയാണ്. |
| ബി)കാവേരി വിഹിതം ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാൻ രൂപീകരിച്ച ജലവകുപ്പിന്റെ കാവേരി സർക്കിൾ ഓഫീസ് വേണ്ടെന്ന് വെച്ചിട്ടുണ്ടോ ; | ബി | ഗവൺമെന്റ് ഉത്തരവ് നമ്പർ (എം എസ്) 56/2011/WRD , തീയതി 12/09/2011 പ്രകാരം കാവേരി സർക്കിൾ , കല്പറ്റയെ കുട്ടനാട് ഡവലപ്മെന്റ് സർക്കിളായി കോട്ടയത്തേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| സി)കേരളത്തിന് വടക്കുള്ള മൂന്ന് ജില്ലകളിലെ പതിനാറ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിലവിൽ ജലവിഭവ വകുപ്പിന്റെ എത്ര ഡിവിഷനുകളാണ് പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ? | സി | കേരളത്തിന് വടക്കുള്ള മൂന്ന് ജില്ലകളിൽ (കാസർകോട്, കണ്ണൂർ, വയനാട്) പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി കണ്ണൂർ ജില്ലയിൽ പഴശ്ശി ഇറിഗേഷൻ ഡിവിഷൻ , കണ്ണൂർ, വയനാട് ജില്ലയിൽ ബി.എസ്.പി ഡിവിഷൻ, പടിഞ്ഞാറത്തറ, കെ.ആർ.പി.ഡിവിഷൻ, കൽപ്പറ്റ , കാവേരി ഡിവിഷൻ , സുൽത്താൻ ബത്തേരി എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷൻ , പേരാമ്പ്രയും പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**